LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക തുകയുടെ വിവരങ്ങൾ ശേഖരിച്ച് അവയിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ റിക്കവറി അവലോകന യോഗങ്ങൾ നടത്തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് കെട്ടിട നിർമ്മാതാക്കളിൽ നിന്നും സമയബന്ധിതമായി സെസ് തുക ശേഖരിക്കുക, ത്രൈമാസ അവലോകന യോഗം നടത്തി സെസ്സ് തുക ശേഖരണത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പിരിഞ്ഞു കിട്ടാനുള്ള തുകയുടെ വിവരം ശേഖരിച്ചു വരുന്നു.

(സി) തൊഴിൽ വകുപ്പിലെ ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ഡെപ്യൂട്ടി ലേബർ ഓഫീസർമാരുമാണ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ് പിരിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ.

(ഡി) സെസ്സ് പിരിവ് കാര്യക്ഷമമാക്കുന്നതിന് ഒരു തീവ്രയത്ന പരിപാടിയ്ക്ക് തൊഴിൽ വകുപ്പിൽ രൂപം കൊടുക്കുകയും അതിൻപ്രകാരം നടപടി നടന്നു വരികയുമാണ്.

തയ്യൽ തൊഴിലാളി ക്ഷേമ നിധി

52 (5457) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൽ തൊഴിലാളികളുടെ ക്ഷേമ പദ്ധതിയിൽ നിന്ന് എന്തെല്ലാം സഹായമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത് എന്ന വിവരം ലഭ്യമാക്കുമോ ;

(ബി) പെൻഷൻ ഉൾപ്പെടെ തയ്യൽ തൊഴിലാളികളുടെ ആനുകൂല്യങ്ങളുടെ കാര്യത്തിൽ വർദ്ധനവു വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തയ്യൽ തൊഴിലാളിക്ഷേമ പദ്ധതി പ്രകാരം പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യം, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, കുട്ടികൾക്കു നൽകുന്ന സ്കോളർഷിപ്പ്, ക്യാഷ് അവാർഡ്, ആശ്രിതർക്കു നൽകുന്ന മരണാനന്തരാനുകൂല്യം, മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 1-4-2008 മുതൽ പെൻഷനും 1-10-2008 മുതൽ മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. ആനുകൂല്യങ്ങൾ ഇനിയും വർദ്ധിപ്പിക്കുന്ന കാര്യം സാമ്പത്തികനില കണക്കിലെടുത്തു മാത്രമേ പരിഗണിക്കാൻ കഴിയൂ.